(സി) പ്രസ്തുത ഫണ്ടിൽനിന്നും അനുവദിച്ചതുക പൂർണ്ണമായും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടില്ല. 1-1-2015 മുതൽ സർക്കാർ തലത്തിലുള്ള ആശുപത്രികളിൽ 406.91 കോടി രൂപയും സ്വകാര്യ ആശുപത്രികൾക്ക് 15.63 കോടി രൂപയും വിതരണം ചെയ്യാനുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട്

118 (1944) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലപുരത്ത് ചികിത്സ നടത്തുന്ന രോഗികൾക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുമെന്ന പ്രഖ്യാപനം അനുസരിച്ച് അത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും ചികിത്സ തുക റീഫണ്ട് ലഭിക്കേണ്ട രോഗികൾക്ക് മാസങ്ങളായിട്ടും ആയത് ലഭിക്കാത്തത് എന്തുകൊണ്ടാണ് ; എത്രയും വേഗം തുക റീഫണ്ട് ചെയ്യുമോ ?

ഉത്തരം

(എ) മംഗലപുരത്ത് ചികിത്സ നടത്തുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടില്ല. പക്ഷേ, ഇതുൾപ്പെടെ കൂടുതൽ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ പരിഗണനയിലാണ്.

(ബി) റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിലെ അവ്യക്തതകൾ നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. തീരുമാനമാകുന്ന മുറയ്ക്ക് റീഫണ്ട് തുക വിതരണം ചെയ്യുന്നതാണ്.

കാരുണ്യ ബെനവലന്റ് പദ്ധതി

119 (1945) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്; സ്വകാര്യ ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയകൾക്ക് ചികിത്സയ്ക്കുശേഷം തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് എത്ര തുക വീതം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കാരുണ്യ പദ്ധതി പ്രകാരം ഇതേവരെ എത്ര തുക നൽകിയിട്ടുണ്ട് ; ഓരോ ആശുപത്രിയും എന്നുവരെ നടത്തിയ ചികിത്സയ്ക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് ആശുപത്രികളുടെ പേര് സഹിതം വ്യക്തമാക്കുമോ ;

(ഡി) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ അക്രഡിറ്റ് ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ആശുപത്രികൾ എന്തു കാരണത്താലാണ് പിൻമാറിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) കാരുണ്യ പദ്ധതിപ്രകാരം ചികിത്സ നൽകിയ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് പണം നൽകാനുണ്ടോ ; എങ്കിൽ ഏതൊക്കെ ആശുപത്രികൾക്ക് എത്ര തുക വീതം നൽകാനുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ; പ്രസ്തുത തുക നൽകാൻ വൈകിയതിനു കാരണവും ആയത് എന്നേക്ക് കൊടുത്തു തീർക്കാനാകും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം (എ)യും (ബി)യുമായി ചേർത്തിട്ടുണ്ട് *.

(ബി) 3-9-2015 വരെ പദ്ധതിപ്രകാരം 104785 രോഗികൾക്ക് 778.34 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ അടിയന്തര ശസ്ത്രക്രിയകൾക്ക് ചികിത്സയ്ക്കുശേഷം തുക അനുവദിച്ചിട്ടില്ല.

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കാരുണ്യ പദ്ധതിപ്രകാരം നാളിതുവരെ 54.34 കോടി രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. ഓരോ ആശുപത്രിക്കും അനുവദിച്ചതുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ അക്രഡിറ്റ് ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽനിന്നും നാളിതുവരെ പിൻമാറിയിട്ടില്ല.

(ഇ) കാരുണ്യ പദ്ധതി പ്രകാരം ചികിത്സ നൽകിയ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് പണം നൽകാനുണ്ട്. ആശുപത്രി, തുക എന്നിവയുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (സി)* ആയി ചേർത്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽനിന്നും ക്ലെയിമുകൾ ലഭിക്കുന്നതിനനുസരിച്ച് അവ വിശദമായി പരിശോധിച്ചാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. കടിശ്ശികയായിട്ടുള്ള ചികിത്സാ ധനസഹായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

ലോട്ടറി വില്പന വരുമാനം

120 (1946) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി വകുപ്പിന് 2015-16 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ എത്ര തുക വിറ്റവരവ് ഇനത്തിൽ ലഭ്യമായി ; സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തുക എത്ര വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറി വിൽപ്പനയിലൂടെ എത്ര കോടി ലഭിച്ചുവെന്ന് വിശദമാക്കുമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നും ലാഭവും നികുതി വരുമാനവുമായി എത്ര ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും 2015 ജനുവരി 15 വരെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും വിശദമാക്കുമോ ;

(ഡി) നടപ്പ് സാമ്പത്തിക വർഷം എത്ര പേർ ഭാഗ്യക്കുറിയിൽ ഏജന്റ്മാരായി ജോലി ചെയ്യുന്നുണ്ട് ; ഭാഗ്യക്കുറി വിൽപ്പനക്കാരുടേയും ഏജന്റ് മാരുടേയും ക്ഷേമനിധി മുഖേന നടപ്പ് വർഷം ഇതുവരെ എത്ര തുക ധനസഹായമായി നൽകിയെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭാഗ്യക്കുറി വകുപ്പിന് 2015-16 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ വിറ്റവരവ് ഇനത്തിൽ 3491.80 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ വിറ്റവരവ് 6365 കോടി രൂപയായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2014-15) ലോട്ടറി വിൽപ്പനയിലൂടെ 5445.84 കോടി രൂപ ലഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly